# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1867 08.12.2014 -ലെ മറുപടിയ്ക്ക്**

## കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി

**ചോദ്യം**
**ശ്രീ. ഹൈബി ഈഡൻ**
**ശ്രീ. വി.റ്റി.ബൽറാം**
**ശ്രീ. കെ.മുരളീധരൻ**
**ശ്രീ. സണ്ണി ജോസഫ്**

**ഉത്തരം**
**ശ്രീ. ഉമ്മൻചാണ്ടി**
**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 2014 മെയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തി ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു.. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | നിയമപരവും സാങ്കേതികവുമായ തടസ്സങ്ങളില്ലാത്ത കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളിലും തീരുമാനമെടുത്ത് ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി തന്നെ അവയുടെ തീർപ്പാക്കലും ലക്ഷ്യമിടുന്നുണ്ട്. |
| (സി) | സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | മേൽ പരാമർശിച്ച ഫയൽ തീർപ്പാക്കൽ പരിപാടിയുടെ തുടർച്ചയായി എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശമില്ലാതെതന്നെ തങ്ങളുടെ വകുപ്പിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി |

| | | | |
|---|---|---|---|
| | | | നീക്കിവയ്ക്കുകയും അന്നേ ദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വകുപ്പിലുമുണ്ടാകുന്ന ജോലിഭാരക്കൂടുതൽ ക്രമീകരിക്കുന്നതിനും വകുപ്പുകളുടെ ജോലി വിതരണം കുറ്റമറ്റതാക്കുകയും ജോലിഭാരം തുല്യമായി വീതിച്ച് ജോലി ചെയ്യുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | അതാത് വകുപ്പദ്ധ്യക്ഷൻമാരാണ് പദ്ധതി നടപ്പാക്കേണ്ടത്. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് ഓരോ വകുപ്പുകളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ചും/കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചും അവലോകനം നടത്തേണ്ടതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**